## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2508** **12-12-2022 - ൽ മറുപടിയ്ക്ക്**

## ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കായുള്ള അദാലത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകാത്ത കേസുകൾ നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | അത്തരം കെട്ടിട നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ അദാലത്തുകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | അത്തരം കെട്ടിട നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 11/04/2022, 10/08/2022 തീയതികളിലെ പി എസ്2/37/2022 / തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത്, ജില്ല, സംസ്ഥാന തലത്തിൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അദാലത്ത് നടത്തുന്നതിനായി ഏതെങ്കിലും പ്രത്യേക തീയതി, മാസം എന്നിവ നിലവിലുണ്ടോ; | (സി) | അത്തരം കെട്ടിട നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 11/04/2022, 10/08/2022 തീയതികളിലെ പി എസ്2/37/2022 / തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത്, ജില്ല, സംസ്ഥാന തലത്തിൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അദാലത്തിലുൾപ്പെടുത്തുന്നതിനായി കെട്ടിട ഉടമസ്ഥർ അപേക്ഷ നൽകേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (ഡി) | കെട്ടിട ഉടമസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ആയതിൽ തീർപ്പ് കല്പിക്കാൻ കഴിയാത്തവ ജില്ലാതല അദാലത്ത് സമിതിയിലേക്ക് സമർപ്പിക്കേണ്ടതും ആയതിൽ നടപടി സ്വീകരിക്കാൻ കഴിയാത്തവ സംസ്ഥാനതല അദാലത്തിലേക്ക് നൽകേണ്ടതുമാണ്. അദാലത്തിൽ വീടുകൾക്ക് പ്രത്യേക ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പാലനം ബാധകമായ സംഗതികളിൽ ചട്ടം 20(3) പ്രകാരമുള്ള ടോളറൻസ് 20% വരെ നൽകുന്നതിന് അദാലത്ത് സമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |
| (ഇ) | വീടുകളുടെ കാര്യത്തിൽ അദാലത്തിൽ എന്തെങ്കിലും പ്രത്യേക ഇളവുകൾ അനുവദിക്കുന്നുണ്ടോ; വിവരങ്ങൾ അറിയിക്കാമോ? | (ഇ) | കെട്ടിട ഉടമസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ആയതിൽ തീർപ്പ് കല്പിക്കാൻ കഴിയാത്തവ |

| | | | |
|---|---|---|---|
| | | | ജില്ലാതല അദാലത്ത് സമിതിയിലേക്ക് സമർപ്പിക്കേണ്ടതും ആയതിൽ നടപടി സ്വീകരിക്കാൻ കഴിയാത്തവ സംസ്ഥാനതല അദാലത്തിലേക്ക് നൽകേണ്ടതുമാണ്. അദാലത്തിൽ വീട്ടുകൾക്ക് പ്രത്യേക ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പാലനം ബാധകമായ സംഗതികളിൽ ചട്ടം 20(3) പ്രകാരമുള്ള ടോളറൻസ് 20% വരെ നൽകുന്നതിന് അദാലത്ത് സമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ